# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3293 22.08.2017-ൽ മറുപടിക്ക്**

**ബി.എസ്.സി ഫോറസ്ട്രിക്കാർക്ക് ഫോറസ്റ്റ് റേഞ്ചർ തസ്തികയിൽ സംവരണം**

| ചോദ്യം<br>ശ്രീമതി.പി.അയിഷാപോറ്റി | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പൊതു പ്രവേശന പരീക്ഷ വഴി എത്തുന്ന ബി.എസ്.സി. ഫോറസ്ട്രി ബിരുദധാരികൾക്ക് ഫോറസ്റ്റ് റേഞ്ചർ തസ്തിക നിയമനത്തിൽ 50 ശതമാനം സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | സംസ്ഥാന പൊതുപരീക്ഷ വഴി വരുന്ന അഗ്രികൾച്ചർ, വെറ്റിനറി ബിരുദധാരികൾക്ക് ബന്ധപ്പെട്ടമേഖലകളിൽ 50 ശതമാനം തൊഴിൽ സംവരണമുണ്ട് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ? | (ബി) | അംഗീകൃത സർവ്വകലാശാലകളിൽ നിന്നും കൃഷി ശാസ്ത്രത്തിൽ ബിരുദം നേടിയവർക്ക് സംസ്ഥാന കൃഷി വകുപ്പിലെ ആകെയുള്ള 1097 തസ്തികയുടെ 85% ഒഴിവിലേയ്ക്ക് പി.എസ്.സി മുഖേന നേരിട്ട് കൃഷി ഓഫീസറായി നിയമനം നൽകി വരുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിൽ തന്നെ കാർഷിക ബിരുദം കരസ്ഥമാക്കിയതിന് ശേഷം മൂന്ന് വർഷം കൃഷി അസിസ്റ്റന്റായി സേവനം പൂർത്തിയാക്കിയവർക്ക് കൃഷി വകുപ്പിലെ ആകെയുള്ള 1097 തസ്തികയുടെ 2% ആയ 22 തസ്തിക നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്.<br>മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ തസ്തിക വെറ്ററിനറി സർജൻ ബിരുദധാരികൾക്ക് വേണ്ടി മാത്രമായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ